**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1867

07.03.2017-ൽ മറുപടിക്ക്

**ഹെഡ്ക്വാർട്ടർ ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് സ്ഥലംമാറ്റം**

| **ചോദ്യം**<br>ശ്രീ. ജോർജ് എം. തോമസ് | **ഉത്തരം**<br>ശ്രീ. പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|
| വിവിധ വകുപ്പുകളിൽ ലാസ്റ്റ് ഗ്രേഡ്, എൽ.ഡി .ക്ലാർക്ക് തസ്തികകളിൽ ജില്ലകളിലെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നും ഹെഡ്ക്വാർട്ടർ ഒഴിവുകളിൽ നിയമിക്കപ്പെടുന്ന ജീവനക്കാർക്ക് അവരുടെ മാതൃ ജില്ലകളിലേയ്ക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ? | കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ജില്ലാ ഓഫീസുകൾ മുഖാന്തിരം വകുപ്പുകളുടെ ഹെഡ്ക്വാർട്ടേഴ്സുകളിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും, എൽ.ഡി. ക്ലർക്കുമാർക്കും അവർ ഓപ്റ്റ് ചെയ്ത ജില്ലയിലെ ഒഴിവിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്നതിന് 5 വർഷ നിബന്ധന ബാധകമല്ല. കൂടാതെ, ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളുടെ ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരാകുന്ന ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് അവർ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലെ മറ്റ് ഓഫീസുകളിൽ Last Grade Servant തസ്തികയിൽ നിലവിലുള്ള/ അടുത്തുണ്ടാകുന്ന പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകളിൽ ടിയാളുകളുടെ അപേക്ഷപ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം നൽകാൻ വ്യവസ്ഥചെയ്തിട്ടുണ്ട്. ഇത്തരത്തിൽ ജില്ലാതല ഓഫീസുകൾ ഇല്ലാത്ത വകുപ്പുകളുടെ |

| | |
|---|---|
| | ഹെഡ്ക്വാർട്ടേഴ്സിൽ നിയമിതരാകുന്ന എൽ.ഡി. ക്ലർക്കുമാർക്ക് അവർ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലെ മറ്റ് വകുപ്പുകളിലെ ഒഴിവുകളിലേക്ക് വകുപ്പ് മേധാവികളുടെ സമ്മതത്തോടെ സ്ഥലംമാറ്റം ലഭിക്കുന്നതിനും 5 വർഷം പൂർത്തിയാക്കേണ്ടതില്ല. കൂടാതെ, ഹെഡ്ക്വാർട്ടേഴ്സ് ഒഴിവിൽ എൽ.ഡി. ക്ലർക്ക് തസ്തികയിൽ നിയമിതനാകുന്ന ജീവനക്കാരന്, ടിയാൻ പി.എസ്.സി. നിയമനത്തിനായി ഓപ്റ്റ് ചെയ്ത ജില്ലയിലേക്ക് സ്ഥലംമാറ്റം നൽകുന്നതിന് പ്രസ്തുത വകുപ്പിന്റെ ജില്ലാ ഓഫീസിൽ അഞ്ച് വർഷത്തേക്ക് ഒഴിവ് ഉണ്ടാകാൻ സാധ്യതയില്ലെന്ന് ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തുന്നപക്ഷം ടി ജില്ലയിലെ മറ്റ് വകുപ്പുകളിൽ ഉണ്ടാകുന്ന ഒഴിവിൽ വകുപ്പുമേധാവികളുടെ സമ്മതത്തോടെ പ്രത്യേക കേസായി പരിഗണിച്ച് സ്ഥലംമാറ്റം അനുവദിക്കാനും വ്യവസ്ഥയുണ്ട്. |

സെക്ഷൻ ഓഫീസർ